**പതിനാലാം കേരള നിയമസഭ**
**5-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5901**

**25.05.2017 -ൽ മറുപടിയ്ക്ക്**

# ഭൂതത്താൻ കെട്ടിൽ ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലത്തെ ടൂറിസം പ്രദേശമായ ഭൂതത്താൻ കെട്ടിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് നിലവിലുണ്ടോ; | (എ) | ഉണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിൽ ബോട്ട് സർവ്വീസ് നിലവിലുണ്ട്. |
| (ബി) | എത്ര ബോട്ടുകളാണ് നിലവിൽ ഭൂതത്താൻ കെട്ട് റിസർവ്വോയറിൽ സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 9 എണ്ണം |
| (സി) | പ്രസ്തുത സർവ്വീസിൽ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും ബോട്ടുകളുടെ എണ്ണം വ്യക്തമാക്കുമോ; | (സി) | നിലവിൽ സർവ്വീസ് നടത്തുന്ന എല്ലാ ബോട്ടുകളും സ്വകാര്യ വ്യക്തികളുടേതാണ്. |
| (ഡി) | ഭൂതത്താൻ കെട്ട്, തട്ടേക്കാട്, പൂയംകുട്ടി, നേര്യമംഗലം തുടങ്ങിയ പ്രദേശങ്ങളിലെ ടൂറിസം സാധ്യത ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഭൂതത്താൻകെട്ട് റിസർവ്വോയറിനുവേണ്ടി പുതതായി ബോട്ട് സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (ഡി) | ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 7 അംഗ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജലസേചനവകുപ്പ് പുതിയ ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു. . |

സെക്ഷൻ ഓഫീസർ